പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1517 — 22/3/2013 - ൽ മറുപടിയ്ക്ക്

# പഴം-പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>'' റ്റി.യു. കുരുവിള<br>'' മോൻസ് ജോസഫ് | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) പഴം-പച്ചക്കറികളിൽ വ്യാപകമായി മരുന്നുകളും കീടനാശിനികളും തളിക്കുന്നത് മൂലം ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പഴം, പച്ചക്കറികളിൽ കീടനാശിനികളുടെ അളവ് പരിശോധിച്ച് അവ ഭക്ഷ്യ സുരക്ഷിതമാണ് എന്ന് ഉറപ്പാക്കുന്നതിനായി 50 ലക്ഷം രൂപ ചെലവിൽ കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് കൃഷി വകുപ്പ് Safe to eat vegetable എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പച്ചക്കറികളുടേയും പഴങ്ങളുടേയും സാമ്പിളുകൾ മാർക്കറ്റിൽ നിന്നും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ശേഖരിച്ച് അതിൽ കീടനാശിനിയുടെ അവശിഷ്ടവിഷ വീര്യ പരിശോധന നടത്തുകയും അവ ഭക്ഷ്യ സുരക്ഷിതമാണോ എന്ന് ഉറപ്പു വരുത്തുകയും ആണ് ചെയ്യുന്നത്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. |

(ബി) ജൈവ കൃഷി രീതി വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) ജൈവകൃഷി രീതി വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഒരു ജൈവ കാർഷിക നയം പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി ആദ്യപടിയായി കാസർഗോഡ് ജില്ല ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും വിവിധ ജൈവ കാർഷിക പദ്ധതികൾ ഈ ജില്ലയിൽ നടപ്പിലാക്കി വരുകയും ചെയ്യുന്നു.

Sneajma.

സെക്ഷൻ ഓഫീസർ